**21U147S** (Pages: 2) Name: …………………….

Reg. No: ………………….

**FIRST SEMESTER UG DEGREE EXAMINATION, NOVEMBER 2021**

(CUCBCSS-UG)

**CC15U MAL1 A07 (3) / CC17U MAL1 A07 (3) - മലയാള ഭാഷയും സാഹിത്യവും - I**

(Common Course for Other Pattern)

(2016 to 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ആരാണ് സൈലന്റ് സ്പ്രിങ് എന്ന കൃതി എഴുതിയത്?
2. ഏറ്റവും പഴക്കമേറിയ വിവർത്തനമായി കണക്കാക്കുന്നത് എന്തിനെയാണ്?
3. ഉമാകേരളം ആരുടെ കൃതിയാണ്?
4. യന്ത്രതർജ്ജമയുടെ പിതാവായി കണക്കാക്കുന്നത് ആരെയാണ്?
5. എന്നാണ് കേരളത്തിൽ ഭൂപരിഷ്കരണനിയമം നിലവിൽ വന്നത്?
6. ലോകത്തിലെ ഏറ്റവും വലിയ സ്വർണ്ണഖനി എവിടെയാണ്?
7. ആഫ്രിക്കൻ നാടുകളിലേക്ക് യാത്രചെയ്യാൻ സക്കറിയയെ പ്രേരിപ്പിച്ച ഗ്രന്ഥകാരൻ ആരാണ്?
8. ഏതു ഭാഷയിൽനിന്നാണ് തർജ്ജമ എന്ന പദം മലയാളത്തിലേക്ക് എത്തിയത്?
9. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം ആദ്യമായി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് ആര്?
10. അമേരിക്കയിൽ എവിടെയാണ് ആദ്യമായി ക്ലമത്ത് കള പ്രത്യക്ഷപ്പെട്ടത്?

(10 × ½ = **5 Marks**)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11. സ്രോതഭാഷ, ലക്ഷ്യഭാഷ എന്നിവ എന്താണ്?
12. ബുദ്ധനും ആട്ടിൻകുട്ടിയും എന്ന കവിതയിൽ ആട്ടിൻകുട്ടി എന്തുപറഞ്ഞാണ് കേഴുന്നത്?

13. ആഴ്സനിക്ക് പോലുള്ള കളനാശിനികൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ എന്തെല്ലാം?

14. സെയ്ജും കാട്ടുകോഴിയും തമ്മിലുണ്ടായിരുന്ന ബന്ധം വിവരിക്കുക.

15. അബ്ദുൾകലാമിന്റെ പിതാവ് പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞുകൊടുത്ത ലളിതതത്വം എന്തായിരുന്നു?

**(5 × 2 = 10 Marks)**

III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് നൂറ്റമ്പത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16. ശാസ്ത്രസാങ്കേതികഗ്രന്ഥങ്ങളുടെ തർജ്ജമയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നാണ് സി.കെ. മൂസ്സത് വിവരിക്കുന്നത്?

17. പരാതി എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

18. യന്ത്രവിവർത്തനം എന്ത്? എങ്ങനെ?

19. കരുണയില്ലാത്ത സമൂഹത്തെയാണ് അയ്യപ്പന്റെ ബുദ്ധനും ആട്ടിൻകുട്ടിയും എന്ന കവിത പ്രശ്നവത്കരിക്കുന്നത്. ചർച്ചചെയ്യുക.

20. ഭൂമിക്കുമീതെയുള്ള അവകാശത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ എന്തെല്ലാം?

21. നമുക്കുനാമേ പണിവതു നാകം, നരകവുമതുപോലെ - സാരസ്യം വിവരിക്കുക.

22. അബ്ദുൾകലാമിന്റെ ബാല്യകാലം എങ്ങനെയുള്ളതായിരുന്നു?

**(5 × 5 = 25 Marks)**

IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.

23. ആരുടേതാണീ ഭൂമി എന്ന ലേഖനത്തിൽ ആർ.വി.ജി. മേനോൻ

മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

24. തർജ്ജമയിൽ വരാവുന്ന അപാകതകളായി വിഷ്ണുനാരായണൻ നമ്പൂതിരി എടുത്തുപറയുന്ന കാര്യങ്ങൾ വിശദീകരിക്കുക.

25. ഭൂമിയുടെ ഹരിതകഞ്ചുകം എന്ന പ്രബന്ധത്തിലൂടെ റേച്ചൽ കഴ്സൻ അവതരിപ്പിക്കുന്ന പാരിസ്ഥിതികചിന്തകൾ എന്തെല്ലാം?

26. പ്രേമസംഗീതം എന്ന കവിത സമകാലത്ത് പ്രസക്തമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

27. സക്കറിയയുടെ 'ഒരു ആഫ്രിക്കൻ യാത്ര' എന്ന കൃതിക്ക് ആസ്വാദനം തയ്യാറാക്കുക.

28. ശാസ്ത്രജ്ഞനായ എ.പി.ജെ. അബ്ദുൾ കലാമിന്റെ ജീവിതത്തിലെ പ്രധാനഘട്ടങ്ങൾ ഏതെല്ലാമെന്ന് ചർച്ചചെയ്യുക.

**(4 × 10 = 40 Marks)**

*******